(സി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ ഉൾപ്പെടെയുള്ള കർഷകർ എടുത്തിട്ടുള്ളതും കൃത്യമായി തിരിച്ചടയ്ക്കുന്നതുമായ കാർഷിക വായ്പകൾ പലിശരഹിത വായ്പയാക്കി മാറ്റുന്നതിനുള്ള 'ഉത്തേജന പലിശയിളവ് പദ്ധതി' സംസ്ഥാന സർക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കിയിട്ടുണ്ട്. കാർഷിക വായ്പകൾക്ക് പുറമെ മറ്റ് വായ്പകൾ പലിശരഹിത വായ്പകളായി പട്ടികജാതിക്കാർക്ക് നൽകണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികളുടെ വിവാഹത്തിനായി കുറഞ്ഞ നിരക്കിൽ വായ്പ നൽകുന്നതിനുള്ള പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക്

98 (4680) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി. എസ്. സി. 24-5-2006-ൽ കാറ്റ നമ്പർ 20/2006 പ്രകാരം തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലേക്ക് ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ ജില്ലാ സഹകരണ ബാങ്കിന് എത്ര ബ്രാഞ്ചുകൾ ഉണ്ടായിരുന്നു ; വ്യക്തമാക്കുമോ ;

(ബി) 30-9-2014 തിരുവനന്തപുരം ജില്ല സഹകരണ ബാങ്കിന് എത്ര ബ്രാഞ്ച് ഓഫീസുകൾ ഉണ്ട് ;

(സി) പുതുതായി രൂപീകരിച്ച ശാഖകളിൽ ഓരോന്നിലും എത്ര ജീവനക്കാർ വീതമുണ്ട് ; ഓരോ തസ്തികയുടെ പേരും ഓരോ ശാഖയുടെ പേരും നൽകാമോ ;

(ഡി) 23-5-2013-ലെ wp(c)No. 11995-ലെ ഓർഡർ പ്രകാരം സ്റ്റേ ചെയ്ത 22 ഒഴിവുകളിലെ നിയമനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ; ഏത് തരത്തിലായിരിക്കും പ്രസ്തുത തസ്തികയിൽ നിയമനം നടത്തുക ;

(ഇ) 6-1-2015-ൽ പി.എസ്.സി.യിൽ നിന്ന് ശിപാർശ അയച്ചതിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ;

(എഫ്) പാർട്ട് I മുതൽ സപ്ലിമെന്ററി ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയെ; അവസാനമായി നിയമനം ലഭിച്ച വ്യക്തിയുടെ പേരും ക്രമനമ്പരും നിയമനം നൽകിയ തീയതിയും വിശദമാക്കുമോ ;

(ജി) 24-5-2006-ന് ശേഷം 30-9-2014 വരെ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചു ; ഏതെല്ലാം തസ്തികകൾ ; 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് വന്നിട്ടുണ്ട് ; വിശദാംശം നൽകുമോ?

LIBRARY ARCHIVES.Kerala Legislative Assembly

ഉത്തരം

(എ) 65 ബ്രാഞ്ചുകൾ ഉണ്ടായിരുന്നു.

(ബി) 30-9-2014-ൽ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് 75 ബ്രാഞ്ചുകളുണ്ട്.

(സി) പുതുതായി അനുവദിച്ച കാരേറ്റ്, ആര്യനാട്, പുന്നക്കുളം, ഉച്ചക്കട, വെള്ളയമ്പലം, കടയ്ക്കാവൂർ, പേയാട് എന്നീ ശാഖകൾക്ക് ഓരോന്നിനും :

ബ്രാഞ്ച് മാനേജർ - 1

സീനിയർ/ജൂനിയർ അക്കൗണ്ടന്റ് - 1

ക്ലാർക്ക് - 1

കാഷ്യർ - 1

പ്യൂൺ - 1

പാർട്ട്ടൈം സ്വീപ്പർ - 1 എന്നിങ്ങനെ തസ്തികകൾ 4-9-2014-ലെ സഹകരണ സംഘം രജിസ്ട്രാറുടെ സി.ബി.(3) 9755/14 ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. ടി ഉത്തരവിനുശേഷം ആരംഭിച്ച പാളയം എം & ഇ, പാങ്ങോട്, തിരുമല എന്നീ മൂന്ന് ശാഖകൾക്ക് പുതിയ തസ്തികകൾ അനുവദിച്ച് നൽകിയിട്ടില്ല. എങ്കിലും പുതുക്കിയ ക്ലാസിഫിക്കേഷൻ പ്രകാരം നിലവിൽ തന്നെ 44 ക്ലാർക്ക് തസ്തികകളും സീനിയർ/ജൂനിയർ അക്കൗണ്ടന്റ് തസ്തികകൾ 67 എണ്ണവും കൂടുതലായതിനാൽ ആയവ സൂപ്പർ ന്യൂമററി തസ്തികകൾ ആയി നിലനിർത്തിയിട്ടുള്ളതിനാൽ ടി മൂന്ന് ശാഖകളും നിലവിലുള്ള ജീവനക്കാരെ വിന്യസിപ്പിച്ച് പ്രവർത്തിച്ചുവരുന്നു.

(ഡി) 17 പേർക്ക് പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുണ്ട്. അഡ്വൈസ് സീനിയോറിറ്റി ക്രമത്തിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) പി.എസ്.സി.-യുടെ 6-1-2015-ലെ ശിപാർശ അനുസരിച്ച് പ്യൂൺ കാറ്റഗറിയിൽ 3 പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ജി) 26-11-2008-ൽ പുതുതായി 2 ശാഖാ മാനേജർ തസ്തികകൾ അനുവദിച്ചു നൽകിയിരുന്നു. എന്നാൽ സഹകരണസംഘം രജിസ്ട്രാറുടെ 4-9-2014-ലെ സി.ബി.(3) 9755/14 ക്ലാസ്സിഫിക്കേഷൻ ഉത്തരവ് പ്രകാരം പുതുതായി ചുവടെ പരാമർശിക്കുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട് :

ബ്രാഞ്ച് മാനേജർ	- 9
പ്യൂൺ	- 18
പാർട്ട്ടൈം സ്വീപ്പർ	- 80

എന്നാൽ ടി ക്ലാസിഫിക്കേഷൻ ഉത്തരവ് പ്രകാരം നിലവിലുണ്ടായിരുന്ന ചുവടെ പരാമർശിക്കുന്ന തസ്തികകളിൽ കുറവ് വന്നിട്ടുണ്ട്:

എക്സിക്യൂട്ടീവ് ഓഫീസർ/സീനിയർ ബ്രാഞ്ച് മാനേജർ	- 24
സീനിയർ അക്കൗണ്ടന്റ്/അസിസ്റ്റന്റ് ബ്രാഞ്ച് മാനേജർ	
സീനിയർ/ജൂനിയർ ഇൻസ്പെക്ടർ/അക്കൗണ്ടന്റ്	- 67
സ്റ്റെനോ ടൈപ്പിസ്റ്റ്	- 6
ക്ലാർക്ക്/കാഷ്യർ	- 44
ബിൽ കളക്ടർ	- 19

അപ്രകാരം ക്ലാസിഫിക്കേഷൻ ഉത്തരവ് പ്രകാരം അധികമായി വന്ന തസ്തികകൾ സൂപ്പർ ന്യൂമററിയായി നിലനിർത്തുകയും ഉദ്യോഗക്കയറ്റമോ റിട്ടയർ മെന്റോ വരുന്ന മുറയ്ക്ക് ടി തസ്തികകൾ സ്വമേധയാ ഇല്ലാതാവുകയും ചെയ്യുന്നതാണ്. ഇതിൽ സാഹചര്യത്തിൽ 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ ഒഴിവുകൾ വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly